**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4265** **09-08-2021 - ൽ മറുപടിയ്ക്ക്**

**കാറ്ററിംഗ് തൊഴിലാളികൾക്ക് ലൈസൻസും ക്ഷേമനിധിയും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ശാന്തകുമാരി കെ. | | Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | കാറ്ററിംഗ് തൊഴിലാളികൾക്ക് ലൈസൻസ്, ക്ഷേമനിധി എന്നിവ ലഭ്യമാക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | കേരള പാചക തൊഴിലാളി ക്ഷേമപദ്ധതി കേരള അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ പദ്ധതിയിൽ ലയിപ്പിച്ചിട്ടുള്ളതിനാൽ കാറ്ററിംഗ് തൊഴിലാളികൾക്കായി പ്രത്യേക ക്ഷേമപദ്ധതി രൂപീകരിക്കേണ്ട ആവശ്യമില്ല. ഒരു പദ്ധതിയിലും അംഗമായിട്ടില്ലാത്ത എല്ലാ കാറ്ററിംഗ് തൊഴിലാളികൾക്കും കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ പദ്ധതിയിൽ അംഗങ്ങളാകാവുന്നതാണ്. കാറ്ററിംഗ് തൊഴിലാളികൾക്ക് ലൈസൻസ് ലഭ്യമാക്കേണ്ടതിന്റെ ആവശ്യകത തൊഴിൽ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | എങ്കിൽ എന്തെല്ലാം നടപടികളാണ് ഇതിനായി സ്വീകരിച്ചിട്ടുള്ളതെന്ന് വിശദീകരിക്കാമോ? | (ബി) | മറ്റൊരു ക്ഷേമപദ്ധതിയിലും അംഗത്വം നേടിയിട്ടില്ലാത്ത കാറ്ററിംഗ് തൊഴിലാളികൾക്ക് 2.2.2016-ലെ സ.ഉ (അച്ചടി) നം. 24/2016/തൊഴിൽ പ്രകാരം രൂപീകരിച്ചിട്ടുള്ള കേരള സംസ്ഥാന അസംഘടിത തൊഴിലാളി സുരക്ഷാപദ്ധതിയിൽ അംഗത്വം നേടാവുന്നതാണ്. അംഗങ്ങളാകുന്ന മറയ്ക്ക് ടി തൊഴിലാളികൾക്ക് അർഹതയ്ക്കനുസരിച്ച് പദ്ധതി നിഷ്കർഷിക്കുന്ന ആനുകൂല്യങ്ങളായ പെൻഷൻ, റിട്ടയർമെന്റ് ആനുകൂല്യം, വിദ്യാഭ്യാസ ആനുകൂല്യം, വിവാഹ ധനസഹായം, ചികിത്സാ ധനസഹായം, പ്രസവാനുകൂല്യം എന്നിവ ലഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ